"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ക്യാഷ്വൽ സ്വീപ്പർ എസ്. സുജാരാജ് ഫയൽ ചെയ്ത OA No.843/2020 കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(കൈ) നം.90/2025/LSGD തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:-

1 GO(P)No.501/2005/Fin dated 25.11.2005 (Annexure A5)

2. EW3/168/2018-LSGD dated 13.02.20 (Annexure A1)

3. ശ്രീമതി. എസ്.സുജാരാജ് ഫയൽ ചെയ്ത OA No 843/2020 കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30.01.25 ലെ വിധിന്യായം

**ഉത്തരവ്**

ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ക്യാഷ്വൽ സ്വീപ്പർ എസ്. സുജാരാജ് പ്രസ്തുത കാര്യാലയത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് തന്റെ നിയമനം ക്രമവത്ക്കരിക്കണം എന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ സർക്കാർ പരാമർ ശം 2 പ്രകാരം നിരസിച്ചിരുന്നു. തുടർന്ന് ടിയാൾ ബഹു. KAT മുൻപാകെ OA No.843/2020 കേസ് ഫയൽ ചെയ്യുകയുണ്ടായി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം 3 -ലെ വിധിന്യായ പ്രകാരം Annexure A1 (പരാമർശം 2) റദ്ദ് ചെയ്യുകയും പരാമർശം 1 സർക്കാർ ഉത്തരവിന്റെ (Annexure A5) ഖണ്ഡിക 8 പ്രകാരം 01.04.2002 മുതൽ റഗുലറൈസേഷന് അർഹതയുണ്ട് എന്ന് ഉത്തരവാകുകയും ചെയ്തു. കൂടാതെ Annexure A7 അപേക്ഷയും Annexure A8 പ്രൊപ്പോസലും പരിഗണിച്ച് പരാമർശം 1 ഉത്തരവിന്റെ ഖണ്ഡിക 8 പ്രകാരം 2 മാസത്തിനുള്ളിൽ പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കാനും, തുടർന്ന് 3 മാസത്തിനുള്ളിൽ അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുവാനും ബഹു. KAT ഉത്തരവായിരുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ടിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ശ്രീമതി സുജാരാജ് 1.4.2002 മുതൽ പ്രസ്തുത തസ്തികയിൽ തുടർന്ന് വരുന്നതിനാലും റെഗുലറൈസേഷൻ പോളിസിയുമായി ബന്ധപ്പെട്ട് cut off date ഒഴികെ മറ്റ് എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ട് എന്നതിനാലും, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് കൊണ്ടും ടി തസ്തികയിൽ ശ്രീമതി. എസ്.സുജാരാജിനെ 01.04.2002 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. 3 മാസത്തിനുള്ളിൽ ടിയാൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No. 843/2020-മേലുള്ള വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്
ശ്രീമതി. എസ്.സുജാരാജ്, സ്വീപ്പർ, ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (UO(F).DEV-1/56/2025-FIN dated 26.04.25 പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Keerthi I P
Date: 02-06-2025 08:34:24
സെക്ഷൻ ഓഫീസർ